LEGISLATIVE BUSINESS.

Kanam Tenancy Bill—Third Reading.

Home Minister (SHRI. A. J. JOHN): Sir, I move that the Kanam Tenancy Bill be passed with the following amendments:—

In the Schedule—

(1) In column 3 against item 1, for the expression "the whole" substitute the expression "Chapters III, IV, V and VI."

(2) In column 3 against item 2, for the expression "Do" substitute the expression "the whole".

ഈ ബിൽ ഇവിടെ രണ്ടാമതു ചർച്ച ചെയ്തുകൊണ്ടിരുന്നപ്പോൾ ശ്രീ. എം. പി. മേനോൻ കൊണ്ടുവന്ന അമെൻഡ്മെൻറ് അനുസരിച്ച് ഈ ഭേദഗതി വരുത്തിയിരിക്കുന്നതാണ്.

Chief Minister (SHRI. PANAMPILLI GOVINDA MENON): I second it.

The motion was put and carried.

The question that the Kanom Tenancy Bill, as amended, be passed was put and carried.

The Bill was passed.

The Travancore-Cochin Public Gambling Bill (*Contd.*)

ശ്രീ. കെ. പി. ഗോപാലമേനോൻ: (തുടച്ച്) സർ, ഈ ബില്ലിലെ, ഉത്സവസ്ഥലങ്ങളിൽ നടത്തുന്ന ഗ്യാംബ്ലിംഗിനെയും മറ്റു കളികളെയും കുറ്റകരമാക്കുന്ന ഈ വകുപ്പിൽ പബ്ലിക്ക് പ്ലേസ് എന്നുള്ളതിനു ശരിയായ നിർവ്വചനം കൊടുക്കാത്ത കാരണംകൊണ്ട് നമ്മുടെ ഉദ്ദേശം സാധിക്കുന്നില്ല. സാധാരണയായി ജനങ്ങൾക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഈ കളിയോ മറ്റോ നടത്തുന്ന അവസരത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നില്ലെന്നു നോട്ടീസെഴുതി വിലക്കിയാൽ അവിടെ നടത്തുന്ന കളികൾ കുറ്റകരമായാലും ഈ വകുപ്പുകൊണ്ട് ശിക്ഷിക്കാൻ സാധിക്കാതെയാണിരിക്കുന്നതു്. ഇങ്ങനെയുള്ള ദുർഘടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള വ്യവസ്ഥകളാണ് ഇപ്പോൾ ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളതു്. അതാണ് നാം ഇപ്പോൾ പാസ്സാക്കാൻ ഉദ്ദേശിക്കുന്നതു്.

ഇംഗ്ലണ്ടിലെ കാമൺലാ പ്രകാരം ഗെയിംസ് ചാൻസിൽ ഉള്ളതായാലും സ്കില്ലും, ചാൻസും ഉൾപ്പെട്ടതായാലും കുറ്റകരമല്ല. എന്നാൽ അവിടെയും ചില ഗെയിംസ് കുറ്റകരമായിട്ടാണ് നിയമനിർമ്മാണം നടത്തിയിട്ടുള്ളതു്. ഈ രാജ്യത്തും നമ്മുടെ കളികൾ എല്ലാം സ്കില്ലും ചാൻസും ഉൾപ്പെട്ടതും മിക്കവാറും ചാൻസു മാത്രം ഉൾപ്പെട്ടതുമാണ്. അതുകൊണ്ട് നമ്മുടെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം കുറ്റകരമാകുന്ന ഗെയിംസിനു പ്രത്യേകം ഒരു നിർവചനം കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly